(ഇ) ചെലവായ തുക ചുവടെ ചേർക്കുന്നു:

(തുക ആയിരത്തിൽ)

വർഷം	നോൺ പ്ലാൻ	പ്ലാൻ
2000-01	2,52,317	7,825
2001-02	2,02,425	2,323
2002-03	2,20,045	2,004

(എഫ്) ലാപ്സായ തുക ചുവടെ ചേർക്കുന്നു:

(തുക ആയിരത്തിൽ)

വർഷം	നോൺ പ്ലാൻ	പ്ലാൻ
2000-01	1,843	2,675
2001-02	66,147	8,977
2002-03	13,142	996

ഗവൺമെന്റ് പ്രസ്സ് ജീവനക്കാരുടെ ഓവർടൈം കുടിശ്ശിക

122 [1007] ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ ജീവനക്കാർക്ക് ഏതുവർഷം മുതലുള്ള ഓവർടൈം വേതനം കുടിശ്ശികയായിട്ടുണ്ട്;

(ബി) ഇത്രയധികം കുടിശ്ശിക വരാനുള്ള കാരണമെന്ത്;

(സി) സമയബന്ധിതമായി പൂർത്തിയാക്കേണ്ടതില്ലാത്ത ഏതെങ്കിലും ജോലിക്ക് ഈ കാലഘട്ടത്തിൽ ഓവർടൈം ജോലി ചെയ്യിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം ജോലി ചെയ്ത വകയിലാണ് ജീവനക്കാർക്ക് ഓവർടൈം കുടിശ്ശികയുണ്ടായിട്ടുള്ളത്;

(ഇ) ഇപ്പോഴുള്ള ഓവർടൈം കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001 മുതലുള്ള ഓവർടൈം തുക ഭാഗികമായി കുടിശ്ശികയായിട്ടുണ്ട്.

(ബി) ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതാണ് കുടിശ്ശികയ്ക്കു കാരണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഫണ്ട് ലഭിക്കുന്ന മുറക്ക് ഓവർടൈം കൂടിശ്ശിക കൊടുത്തുതീർക്കുന്നതാണ്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പത്താം പഞ്ചവത്സര പദ്ധതിയിലെ ഊർജ്ജവികസന സമീപനം

123 [862] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സര പദ്ധതിയിലെ ഊർജ്ജ വികസന സമീപനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സമീപനത്തിനനുസരിച്ച് ഒന്നും രണ്ടും വർഷ പരിപാടികളിൽ (2002-03, 2003-04) ഉൾപ്പെടുത്തിയിരുന്നവ ഏതൊക്കെയാണ്;

(സി) പ്രസ്തുത പരിപാടികളുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) ഈ രണ്ട് വർഷങ്ങളിലായി ഊർജ്ജോല്പാദന രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ പുരോഗതി എത്രയാണ്;

(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പത്താം പഞ്ചവത്സര പദ്ധതിയിലെ ഊർജ്ജ വികസനത്തെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ഉല്പാദന മേഖല:—പത്താം പദ്ധതിക്കാലത്ത് ആകെ 440.35 എം. ഡബ്ലിയു. സ്ഥാപിതശേഷിയുള്ള 18 ജല വൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെ 161 എം.ഡബ്ലിയു. സ്ഥാപിതശേഷിയുള്ള 61 ചെറുകിട ജലവൈദ്യുത പദ്ധതികളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

പ്രസരണ മേഖല:—പത്താം പദ്ധതിക്കാലത്ത് 1800 കി.മീ. ഇ.എച്ച്.ടി. ലൈനുകൾ, പന്ത്രണ്ട് 220 കെ. വി. സബ്സ്റ്റേഷനുകൾ, എഴുപത്തിരണ്ട് 110 കെ. വി. സബ് സ്റ്റേഷനുകൾ, പതിനഞ്ച് 66 കെ. വി. സബ് സ്റ്റേഷനുകൾ, നൂറ്റിയിരുപത് 33 കെ. വി. സബ് സ്റ്റേഷനുകൾ എന്നിവ നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly